(സി) 27 മൃഗങ്ങൾക്ക് ജീവഹാനി സംഭവിച്ചിട്ടുണ്ട്.

(ഡി) 21 കാട്ടുപോത്ത്, 5 മാൻ, 1 സാമ്പാർ എന്നീ മൃഗങ്ങൾക്ക് ജീവഹാനി സംഭവിച്ചിട്ടുണ്ട്.

(ഇ) 19 കൊമ്പനാനകൾ ആനക്കൊമ്പ് വേട്ടയിൽ കൊല്ലപ്പെട്ടിട്ടുണ്ട്.

(എഫ്) 2002 മേയ് മാസത്തിൽ നടന്ന അവസാന സെൻസസ് അനുസരിച്ച് കേരളത്തിൽ 6939 കാട്ടാനകൾ ഉണ്ട്. ഉദ്ദേശം 800-ൽ കൂടുതൽ നാട്ടാനകളുണ്ടെന്ന് ഒരു ഏകദേശ കണക്കെടുപ്പ് കാണിക്കുന്നു.

(ജി) ദേവസ്വം ബോർഡിന്റെ അധീനതയിലുള്ള ആനകളുടെ എണ്ണം ശേഖരിച്ച് നൽകുന്നതാണ്. സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിൽ ഏകദേശം 800-ൽ കൂടുതൽ ആനകളുണ്ടെന്ന് ഒരു ഏകദേശ കണക്കെടുപ്പ് കാണിക്കുന്നു.

സ്വന്തമായി ആനകളെ വളർത്തുന്നതിന് ലൈസൻസ്

128 [1262] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വന്തമായി ആനകളെ വളർത്തുന്നതിന് സർക്കാർ ലൈസൻസ് ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് സ്വകാര്യ ഉടമകൾക്ക് എത്ര ആനകളുണ്ട് എന്നത് സംബന്ധിച്ച കണക്ക് ലഭ്യമാണോ; എങ്കിൽ എത്രയെന്ന് വ്യക്തമാക്കുമോ;

(സി) ആനപ്പാപ്പാൻമാർക്ക് പരിശീലനം നൽകുന്നതിന് സർക്കാർ ഏതെങ്കിലും സ്ഥാപനങ്ങൾ നടത്തുന്നുണ്ടോ;

(ഡി) പരിശീലനം നൽകുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്;

(ഇ) ആനകളെ വാങ്ങുന്നതിന് ലൈസൻസ് ഏർപ്പെടുത്തുന്നതിനും ഈ മേഖലയിലെ പ്രശ്നങ്ങൾ പഠിക്കുന്നതിനും ഒരു സ്വതന്ത്ര ഏജൻസിയെ ചുമതലപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സ്വകാര്യ ഉടമസ്ഥതയിൽ ഉദ്ദേശം 800-ൽ കൂടുതൽ ആനകളുണ്ടെന്ന് ഒരു ഏകദേശ കണക്കെടുപ്പ് കാണിക്കുന്നു.

(സി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ആനപ്പാപ്പാൻമാർക്ക് ഇതിനകം മണ്ണുത്തിയിലുള്ള സെന്റർ ഫോർ സ്റ്റഡീസ് ഓൺ എലിഫന്റിന്റെ നേതൃത്വത്തിൽ കേരളാ എലിഫന്റ് വെൽഫെയർ അസോസിയേഷന്റെ സഹകരണത്തോടുകൂടി മൂന്ന് റിഫ്രഷർ ട്രെയിനിംങ് കോഴ്സുകൾ, പീച്ചി, കോന്നി, കൊല്ലം എന്നിവിടങ്ങളിൽ നടത്തിയിട്ടുണ്ട്. തുടർന്നും പരിശീലന കോഴ്സുകൾ നടത്തുന്നതിനായി നടപടികൾ സ്വീകരിച്ചു വരുന്നു. ആനപ്പാപ്പാൻമാർക്ക് ട്രെയിനിംങ് നൽകുന്നതിനുള്ള പരിശീലന കേന്ദ്രം കോടനാട് ആസ്ഥാനമാക്കി സ്ഥാപിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) വന്യജീവി സംരക്ഷണ ഭേദഗതി നിയമം നിലവിൽ വന്ന സാഹചര്യത്തിൽ ഇക്കാര്യം പരിഗണനയിലില്ല.

സ്പോർട്സ് സ്കൂളുകളുടെ നിലവാരം

129 [1263] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്പോർട്സ് സ്കൂളുകളുടെ നിലവാരം ഉയർത്തുന്നതിന് എന്തെങ്കിലും പദ്ധതി പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ജി. വി. രാജ സ്പോർട്സ് സ്കൂൾ അന്തർദ്ദേശീയ നിലവാരത്തിൽ ഉയർത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ സ്പോർട്സ് സ്കൂളുകളുടെ നിലവാരം ഉയർത്തുന്നതിന് താഴെ പറയുന്ന പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്:

അന്താരാഷ്ട്ര നിലവാരത്തോടും അടിസ്ഥാന സൗകര്യങ്ങളോടുകൂടിയുമുള്ള ജി.വി. രാജ സ്പോർട്സ് സ്കൂളിന്റെ നിർമ്മാണ പ്രവർത്തനം തിരുവനന്തപുരത്ത് മൈലം എന്ന സ്ഥലത്ത് നടന്നുവരുന്നു. എൻ.ഐ.എസ്. പരിശീലനം പൂർത്തിയാക്കിയ കായികാദ്ധ്യാപകരുടെ സ്ഥിരം സേവനം ജി.വി. രാജ സ്കൂളിലേക്കും കണ്ണൂർ സ്പോർട്സ് ഡിവിഷനിലേക്കും ലഭ്യമാക്കാൻ ആലോചിക്കുന്നു. കുട്ടികളുടെ ഡയറ്റ് ചാർജ് വർദ്ധനയും പരിഗണിച്ചുവരുന്നു.

(സി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly